പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2508 — 19.06.2013-ലെ മറുപടിക്ക്

## ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക

ചോദ്യം
ശ്രീ. ജി. സുധാകരൻ:

മറുപടി
ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ)സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷൻ വിതരണം എത്ര മാസത്തെ കുടിശ്ശിക യുണ്ടെന്ന് ക്ഷേമനിധി ബോർഡ് തിരിച്ച് വ്യക്തമാക്കുമോ;

(എ) സാമ്പത്തികമായി സുസ്ഥിരമായ 5 ബോർഡുകളിൽ പെൻഷൻ യഥാസമയം നൽകി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10 ബോർഡുകളിൽ ഡിസംബർ 2012 വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന മാസങ്ങളിലെ പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ക്ഷേമനിധി പെൻഷനുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണ നയിലുണ്ടോ ; വിശദമാക്കുമോ;

(ബി) എല്ലാ ക്ഷേമനിധി പെൻഷനുകളും 400/- രൂപയിൽ നിന്ന് 500/- രൂപയായി വർദ്ധിപ്പിച്ച് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കുടിശ്ശിക തീർത്ത് പെൻഷൻ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി)തൊഴിലാളികളുടെ ചികിത്സാധന സഹായവും അപകട ഇൻഷ്വറൻസും കാലതാമസം ഉണ്ടാകാത്ത വിധത്തിൽ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി) അപകട ഇൻഷുറൻസ് പദ്ധതി കളള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ മാത്രമാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുളളത്. തൊഴിലാളികളുടെ ചികിത്സാ ധനസഹായം മിക്ക ബോർഡുകളിലും കാലതാമസം കൂടാതെ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ